മലയാളം ന്യൂസ്
www.malayalamnewsdaily.com
സ്ഥാപകർ:
ഹിഷാം അലി ഹാഫിസ്, മുഹമ്മദ് അലി ഹാഫിസ്
Saudi Research & Publishing Company
Copyright by Saudi Research & Publishing Co. All Rights Reserved.
المجموعة السعودية للأبحاث والتسويق
SAUDI RESEARCH & MARKETING GROUP
SRMG P.O.Box 53108 Riyadh 11583 - K.S.A
Tel: +96614418060 - Fax: +96614419569
അഹമ്മദ് ബിൻ സൽമാൻ ബിൻ അബ്ദുൽ അസീസ് രാജകുമാരൻ
1987 ൽ സ്ഥാപിച്ചത്
എഡിറ്റർ-ഇൻ-ചീഫ്:
താരിഖ് മിശ്ഖസ്

കാലികം |

ബാലാകോട്ട് വ്യോമാക്രമണത്തിനു ശേഷം പാക്കിസ്ഥാന്റെ ഒരു യുദ്ധവിമാനം പോലും ഇന്ത്യൻ അതിർത്തി കടന്നിട്ടില്ല. അവരുടെ ഭീകര ക്യാമ്പുകൾ ആക്രമിക്കുകയെന്ന നമ്മുടെ ലക്ഷ്യം വിജയിച്ചു. തിരിച്ചടിക്കാൻ പാക്കിസ്ഥാനാവാത്ത വിധം.

– ബി.എസ്. ധനോവ
ഇന്ത്യൻ വ്യോമസേനാ മേധാവി

സഞ്ജീവ് ഭട്ട്

ഗുജറാത്ത് കലാപക്കേസിൽ മോഡിക്കെതിരെ സഞ്ജീവ് ഭട്ട് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകി. കലാപത്തിൽ മോഡിയുടെ പങ്ക് വെളിപ്പെടുത്തുന്നതായിരുന്നു സത്യവാങ്മൂലം. 2002 ഫെബ്രുവരി 27 ന് ഗുജറാത്ത് കലാപത്തിനിടയിൽ മുഖ്യമന്ത്രി വിളിച്ച ഒരു യോഗത്തിൽ താൻ പങ്കെടുത്തിരുന്നുവെന്നും കലാപം നടത്തുന്നവർക്കെതിരെ നടപടിയെടുക്കരുതെന്ന് പോലീസിന് മോഡി നിർദേശം നൽകിയിരുന്നുവെന്നുമായിരുന്നു സത്യവാങ്മൂലത്തിൽ ഭട്ട് വ്യക്തമാക്കിയത്. അതോടെ ആരംഭിച്ച വേട്ടയാടലിന്റെ പരിസമാപ്തിയാണിത്. .

ഭരണകൂട ഭീകരതയുടെ ഇര

■ ഹരികുമാർ

ബി.ജെ.പിയുടെ വിവിധ സംസ്ഥാനങ്ങളിലെ ഭരണത്തിന് കീഴിൽ നടക്കുന്ന ഭരണകൂട ഭീകരതയുടെ ഒടുവിലത്തെ ഇരയായാണ് സഞ്ജീവ് ഭട്ടിന്റെ ജീവപര്യന്തം തടവു ശിക്ഷ ഇന്ത്യൻ മനഃസാക്ഷിക്ക് മുമ്പിൽ ചോദ്യചിഹ്നമായി ഉയർന്നു നിൽക്കുന്നത്.

30 വർഷം മുമ്പുള്ള കസ്റ്റഡി മരണക്കേസ് പൊടിതട്ടിയെടുത്ത് തയാറാക്കിയ കുറ്റപത്രത്തിന്റെ പേരിലാണ് ജാംനഗർ സെഷൻസ് കോടതി സഞ്ജീവ് ഭട്ടിന് ജീവപര്യന്തം ശിക്ഷ വിധിച്ചിരിക്കുന്നത്. 1990 ൽ ജാംനഗറിൽ അഡീഷണൽ പോലീസ് സൂപ്രണ്ടായിരിക്കേ നടന്ന കസ്റ്റഡി മരണവുമായി ബന്ധപ്പെട്ടാണ് കേസ്.

ഈ കേസിന്റെ സ്ഥിതി പരിശോധിക്കുന്നതിന് മുമ്പ് ചില മുൻവായനകൾ ആവശ്യമുണ്ട്. രാമക്ഷേത്രത്തിന്റെ പേരിലുള്ള കലാപങ്ങളുടെ തുടക്കം കുറിച്ച ബി.ജെ.പി നേതാവ് എൽ.കെ. അദ്വാനിയുടെ രഥയാത്ര ബിഹാറിലെ സമസ്തിപ്പൂരിൽ വെച്ച് മുഖ്യമന്ത്രിയായിരുന്ന ലാലു പ്രസാദ് യാദവിന്റെ നിർദേശാനുസരണം തടയുകയും അദ്വാനിയെ കസ്റ്റഡിയിലെടുക്കുകയും ചെയ്യുന്നു. അന്ന് ബി.ജെ.പി നടത്തിയ പ്രതിഷേധത്തിനിടെ നിരവധി പ്രവർത്തകരെ ഗുജറാത്തിൽ നിന്ന് അറസ്റ്റ് ചെയ്യുകയുണ്ടായി. അതിലൊരാൾ പ്രഭുദാസ് എന്ന ബി.ജെ.പി പ്രവർത്തകനായിരുന്നു. പുറത്തിറങ്ങി പത്തു ദിവസത്തിന് ശേഷം ഇയാൾ മരിക്കുന്നു. മരണ കാരണം കസ്റ്റഡിയിൽ അനുഭവിക്കേണ്ടിവന്ന പീഡനമായിരുന്നുവെന്ന് ആരോപിച്ച് വർഷങ്ങൾക്കു ശേഷം കേസുണ്ടാകുന്നു.

അതിനിടയിൽ മറ്റൊരു സംഭവം കൂടി ഉണ്ടാകുന്നുണ്ട്.

2002 ലെ ഗുജറാത്ത് കലാപക്കേസിൽ നരേന്ദ്ര മോഡിക്കെതിരെ സഞ്ജീവ് ഭട്ട് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകി. ഗുജറാത്ത് കലാപത്തിൽ നരേന്ദ്ര മോഡിയുടെ പങ്ക് വെളിപ്പെടുത്തുന്നതായിരുന്നു ഭട്ടിന്റെ സത്യവാങ്മൂലം. 2002 ഫെബ്രുവരി 27 ന് ഗുജറാത്ത് കലാപത്തിനിടയിൽ മുഖ്യമന്ത്രി വിളിച്ച ഒരു യോഗത്തിൽ താൻ പങ്കെടുത്തിരുന്നുവെന്നും കലാപം നടത്തുന്നവർക്കെതിരെ നടപടിയെടുക്കരുതെന്ന് പോലീസിന് മോഡി നിർദേശം നൽകിയിരുന്നുവെന്നുമായിരുന്നു സത്യവാങ്മൂലത്തിൽ ഭട്ട് വ്യക്തമാക്കിയത്.

അതോടെ ആരംഭിച്ചതായിരുന്നു വേട്ടയാടൽ. നിരന്തരമായ വേട്ടയാടലിനാണ് പിന്നീട് അദ്ദേഹം ഇരയായത്. കുറ്റങ്ങൾ പലതായിരുന്നു. ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തു, അനുവാദമില്ലാതെ അവധിയെടുത്തു എന്നീ കുറ്റങ്ങൾ ചുമത്തി 2011 ൽ ഭട്ടിനെ സസ്പെൻഡ് ചെയ്തിരുന്നു. തുടർച്ചയായ അച്ചടക്ക ലംഘനം ആരോപിച്ച് 2015 ൽ പുറത്താക്കി. പിന്നീട് രാജസ്ഥാൻകാരനായ അഭിഭാഷകനെ ലഹരിമരുന്നു കേസിൽ കുടുക്കിയെന്ന കേസിൽ ഭട്ടിനെ ജയിലിലടയ്ക്കുകയും ചെയ്തു. ഇതിനിടയിൽ തന്നെയാണ് പഴയ കേസ് പൊടി തട്ടിയെടുത്ത് ഭട്ട് ഉൾപ്പെടെയുള്ളവരെ വിചാരണയ്ക്ക് വിധേയമാക്കുകയും ഇപ്പോൾ ശിക്ഷ വിധിക്കുകയും ചെയ്തിരിക്കുന്നത്. പ്രസ്തുത കേസിൽ ഭട്ടിനനുകൂലമായി സാക്ഷി പറയേണ്ടിരുന്ന സാക്ഷികളെ വിസ്തരിച്ചില്ലെന്നുൾപ്പെടെ ഗുരുതരമായ ആരോപണങ്ങൾ കേസിന്റെ വിചാരണ വേളയിൽ ഉയർന്നിരുന്നു. എങ്കിലും ഭട്ട് ശിക്ഷിക്കപ്പെടുകയായിരുന്നു. ഈയൊരു പശ്ചാത്തലത്തിലാണ് സഞ്ജീവ് ഭട്ടിന്റെ ശിക്ഷ ഭരണകൂട ഭീകരതയുടെ അനന്തരഫലമായിത്തീരുന്നത്.

കഴിഞ്ഞ പതിനാറ് വർഷത്തിനിടയിൽ ഗുജറാത്തിൽ മാത്രം 180 കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നാണ് ദേശീയ ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ കണക്ക്. അതിൽ പലതും പോലീസ് കസ്റ്റഡിയിൽ വെച്ച് തന്നെയുള്ള മരണങ്ങളായിരുന്നു. ഇക്കാലത്തും ഗുജറാത്ത് ഭരിച്ചുകൊണ്ടിരുന്നത് ബിജെപിയായിരുന്നുവെന്നതും ഓർക്കേണ്ടതുണ്ട്. അവയിലൊന്നിലും ഇതുവരെ ഒരാൾ പോലും ശിക്ഷിക്കപ്പെട്ടിട്ടില്ല. രാജ്യത്താകെ 1600 ഓളം പേർ പോലീസ് കസ്റ്റഡിയിൽ മരിച്ചിട്ടുണ്ട്. അതിൽ ഭൂരിപക്ഷവും ഉത്തർപ്രദേശിലായിരുന്നു.

സമാനമായ നിരവധി സംഭവങ്ങളാണ് ബിജെപി ഭരണത്തിന് കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നത്. സർക്കാർ നയങ്ങളെ വിമർശിച്ചതിന്റെ പേരിൽ മാധ്യമ പ്രവർത്തകർ ഉൾപ്പെടെ ഒരു ഡസനിലധികം പേരാണ് ആദിത്യനാഥ് മുഖ്യമന്ത്രിയായ ഉത്തർപ്രദേശിൽ കേസുകൾ നേരിടുകയോ ജയിലിൽ കഴിയുകയോ ചെയ്യുന്നത്. ഛത്തീസ്ഗഢിലും മഹാരാഷ്ട്രയിലും ഇത്തരം അറസ്റ്റുകളും കേസുകളും നിലവിലുണ്ട്.

കെട്ടിച്ചമച്ച കേസുകളും വ്യാജ ഏറ്റുമുട്ടലുകളും ഗുജറാത്തിന്റെ മാത്രം മുഖമുദ്രയല്ല. കൊറേഗാവ് സംഭവത്തിന്റെ പേരിൽ കെട്ടിച്ചമച്ച കേസിന്റെ പേരിൽ രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നും അറസ്റ്റിലായ സാമൂഹ്യ പ്രവർത്തകർ ഇപ്പോഴും ജയിലിൽ കഴിയുകയാണ്. പരിശോധനയിൽ നക്സൽ ബന്ധവും മറ്റും കണ്ടെത്തിയെന്നും പ്രധാനമന്ത്രിയെ വധിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവെന്നുമൊക്കെയുള്ള വ്യാജ കേസുകൾ സൃഷ്ടിച്ചാണ് ഇവരെയെല്ലാം ജയിലിൽ പാർപ്പിച്ചിരിക്കുന്നത്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ പോലുള്ള നിയമങ്ങളുപയോഗിച്ചാണ് ഇവരെല്ലാം അറസ്റ്റിലായത്. പല വിധത്തിൽ കള്ളക്കേസുകളും വ്യാജ സംഭവങ്ങളും സൃഷ്ടിച്ച് സാമൂഹ്യ പ്രവർത്തകരെയും ഉദ്യോഗസ്ഥരെയും കുറ്റവാളികളായി ചിത്രീകരിക്കുന്ന പ്രവണത പല സംസ്ഥാനങ്ങളിലും വർധിക്കുകയാണ്. യഥാർഥത്തിൽ ഭരണകൂട ഭീകരത കൂടുതൽ കാഠിന്യമേറുന്നുവെന്നാണ് ഈ സംഭവങ്ങളെല്ലാം വ്യക്തമാക്കുന്നത്. അത്തരം സംഭവങ്ങളിലെ അവസാനത്തെ ഇരയാണ് സഞ്ജീവ് ഭട്ട്. പക്ഷേ ജയിൽ വാസത്തിലൂടെ ഒരാളെയോ ഒരു സംഘത്തെയോ ഇല്ലാതാക്കാൻ സാധിക്കില്ലെന്ന് ചരിത്രം ഒരിക്കൽ കൂടി തെളിയിക്കുമെന്നുറപ്പാണ്.

മൂന്നാം കണ്ണ്

സഞ്ജീവ് ഭട്ടിനെ ഓർക്കുമ്പോഴെല്ലാം അബ്ദുന്നാസർ മഅ്ദനിയെന്ന മനുഷ്യൻ കടന്നു വരുന്നു. കേരളത്തിൽ നീതി നിഷേധത്തിന്റെ ഏക ഇര. വിചാരണ പോലും ചെയ്യാതെ അങ്ങിട്ടിരിക്കയാണ് ജയിലിൽ. ഇരുപതു വർഷത്തോളമായി. അദ്ദേഹം ചെയ്തത് എന്ത് ഉലക്കയുമാകട്ടെ, അത് ബോധ്യപ്പെടുത്താനും തെളിയിച്ചു കൊടുക്കാനുമുള്ള ധാർമിക ബാധ്യത പോലും ഭരണകൂടമോ നീതിന്യായ വ്യവസ്ഥയോ ഏറ്റെടുത്തില്ല, മിണ്ടാനാണെങ്കിൽ ഒരു കുട്ടിയുമില്ല.

അയ്ക്ക് പോയാ എടങ്ങേറാണ്. ഭീകരവാദിയും മൗലികവാദിയുമാവും. പുരോഗമന മതേതരത്വത്തിൽ നിന്ന് പുറത്താവുകയും ചെയ്യും. വേണ്ട.

വി. ഷാഹുൽ ഹമീദ്

ഇതോ നാം പ്രവാസികൾക്ക് തിരിച്ചുനൽകുന്നത്?

ആന്തൂർ സംഭവം ഒറ്റപ്പെട്ടതാണെന്ന് രാഷ്ട്രീയ നേതാക്കൾക്ക് വാദിക്കാം. എന്നാൽ ചുവപ്പുനാടയുടെ കെടുതികൾ മൂലം സാമ്പത്തികമായും മാനസികമായും തകർന്ന ഒട്ടേറെ പ്രവാസികൾ ഇവിടെയുണ്ട്. നാട്ടിൽ ഒരു ബിസിനസ് സ്വപ്നം കണ്ട് കാത്തിരിക്കുന്ന ആയിരക്കണക്കിന് പേർ വേറെയുമുണ്ട്. അവർക്ക് മുന്നിൽ സാജൻ പാറയിലിന്റെ മരണം ഉയർത്തുന്നത് ഏറ്റവും മോശമായ സന്ദേശമാണ്.

▪ വി.എം.സുബൈർ

കണ്ണൂർ ജില്ലയിലെ ആന്തൂർ നഗരസഭാ പരിധിയിൽ താമസക്കാരനായ പ്രവാസി വ്യവസായി സാജൻ പാറയിലിന്റെ ആത്മഹത്യ ഒരുപാട് ചോദ്യങ്ങളാണ് ഉയർത്തുന്നത്. സർക്കാർ ഓഫീസിലെ ഓരോ ഫയലും ഓരോ ജീവിതമാണെന്ന് പ്രഖ്യാപിച്ച ഒരു സർക്കാരിന്റെ കാലത്ത് ഓരോ ഫയലിലെ ചരടുകളും ആത്മഹത്യക്കുള്ള കയറായി മാറുകയാണോ? വിദേശ രാജ്യങ്ങളിൽ വർഷങ്ങളോളം വിയർപ്പൊഴുക്കി അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യം ജന്മനാടിന്റെ വികസനത്തിനായി നിക്ഷേപിക്കാൻ ഇറങ്ങിത്തിരിക്കുന്ന പ്രവാസികളോട് സർക്കാർ സംവിധാനങ്ങളുടെ നിലപാട് എന്താണെന്ന് വ്യക്തിമാക്കുന്നതാണ് സാജന്റെ മരണം. ഈ ആത്മഹത്യയെ കുറിച്ചുള്ള ചർച്ചകൾക്കും വൈകാതെ മനുഷ്യത്വത്തിന്റെ മണം നഷ്ടമാകും. രാഷ്ട്രീയ പോർവിളികൾക്കുള്ള വിഷയം മാത്രമായി അതും മാറും.

നൈജീരിയയിൽ വിവിധ മേഖലകളിൽ ബിസിനസുകളുള്ള സാജൻ പാറയിൽ എന്ന പ്രവാസി മലയാളി സ്വന്തം നാട്ടിൽ നിക്ഷേപം നടത്താൻ തീരുമാനിക്കുമ്പോൾ യഥാർഥത്തിൽ സംസ്ഥാന സർക്കാരും ആന്തൂർ നഗരസഭയും സന്തോഷിക്കുകയായിരുന്നു വേണ്ടത്. ചുവപ്പ് പരവതാനിയൊന്നും വിരിച്ചില്ലെങ്കിലും സാജന്റെ ബിസിനസ് കൊണ്ട് നാടിനുണ്ടാകുന്ന പുരോഗതിയെ കുറിച്ചെങ്കിലും അവർ ചിന്തിക്കണമായിരുന്നു. എന്നാൽ അവിടെയും ചുവപ്പുനാടയെന്ന ശാപം വില്ലനായി മാറി. വ്യവസായ സൗഹൃദമാകാൻ ഒരു കാലത്തും മനസ്സുവെക്കാത്ത നമ്മുടെ സർക്കാരുകളും ഉദ്യോഗസ്ഥരും സാജനെയും പുതിയൊരു ഇരയായി മാത്രമാണ് കണ്ടത്. സർക്കാർ ഓഫീസുകളിൽ ജീവിത കാലം മുഴുവൻ കയറിയിറങ്ങുന്ന ഗതികേട് ഏറെയൊന്നും അനുഭവിച്ചിട്ടില്ലാത്ത ഏതൊരു പ്രവാസിയെയും പോലെ സാജനും തന്റെ വ്യാപാര സ്വപ്നങ്ങളെ ഉപേക്ഷിച്ച് ആത്മഹത്യയുടെ വഴി തേടി.

ആന്തൂർ നഗരസഭയിൽ കണ്ടത് കേരളത്തിലെ ഒരു ശരാശരി സർക്കാർ ഓഫീസിലെ ചട്ടപ്പടി സമീപനമാണ്. നാട്ടിൽ ജീവിക്കുന്നവരും പ്രവാസികളും ഇതിന്റെ ഇരകളാണ്. നാട്ടിലുള്ളവർക്ക് അതൊരു ശീലമായതുകൊണ്ടും കാര്യങ്ങൾ നേടാൻ ചില കുറുക്കുവഴികൾ അറിയാമെന്നതും മാത്രമാണ് വ്യത്യാസം. പ്രവാസിക്ക് മുന്നിൽ എന്നും ഇരുട്ടാണ്. രാഷ്ട്രീയക്കാരുടെ പിന്തുണയില്ലാതെ ഒന്നും നേടാനാകില്ലെന്ന മനോഭാവം കേരളത്തിലെ ഓഫീസുകളിൽ വളർന്നു നിൽക്കുന്നു. ഗൾഫ് നാടുകളിൽ സന്ദർശനം നടത്തുന്ന രാഷ്ട്രീയ നേതാക്കൾക്ക് ഊഷ്മളമായ സ്വീകരണം നൽകുന്ന പ്രവാസികൾ പലപ്പോഴും നാട്ടിൽ സർക്കാർ ഓഫീസുകളിൽ നിന്ന് ഒരു ഉത്തരവ് ലഭിക്കാൻ വഴിയറിയാതെ വലയുന്നു.

പ്രവാസികൾക്ക് വേണ്ടി ഒട്ടേറെ സർക്കാർ ഏജൻസികളുള്ള നാടാണ് കേരളം. നോർക്ക മുതൽ ക്ഷേമ കോർപറേഷൻ വരെ പേരിന് ഒട്ടേറെ സ്ഥാപനങ്ങൾ. കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ നട്ടെല്ലാണ് പ്രവാസികൾ എന്ന് ഇടതടവില്ലാതെ പ്രഖ്യാപിക്കുന്നവരുമാണ് നമ്മുടെ നേതാക്കൾ. എന്നാൽ വീടുവെക്കാൻ പെർമിറ്റിന് വേണ്ടിയോ റേഷൻ കാർഡിൽ പേര് ചേർക്കുന്നതിനോ അപേക്ഷ നൽകുന്നത് മുതൽ ആരംഭിക്കുന്നു പ്രവാസിയുടെ കഷ്ടപ്പാടുകൾ. നാട്ടിൽ കാര്യങ്ങൾ നടത്താൻ കഴിവുള്ള ബന്ധുക്കളോ മറ്റോ ഉണ്ടെങ്കിൽ മാത്രമാണ് കാര്യങ്ങൾ മുന്നോട്ടു പോകുന്നത്. അല്ലെങ്കിൽ പ്രവാസിയുടെ ഓരോ അവധിക്കാലവും സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങിക്കഴിയും. ഒന്നും ശരിയാകാതെ അവർക്ക് മടങ്ങിപ്പോകേണ്ടിയും വരും.

നിയമങ്ങളെ കുറിച്ചുള്ള അവ്യക്തതയും അജ്ഞതയും ഇന്ന് മലയാളികളെ വല്ലാതെ ബാധിച്ചിരിക്കുന്നു. സർക്കാർ ഓഫീസുകളിൽ പോലും നിയമങ്ങളെ കുറിച്ച് വ്യക്തമായ വിവരങ്ങളില്ല എന്നതാണ് അവസ്ഥ. പലപ്പോഴും തിരുവനന്തപുരത്തെ സെക്രട്ടറിയേറ്റിൽ നിന്നിറങ്ങുന്ന ഉത്തരവുകൾ താഴെ തട്ടിലുള്ള ഓഫീസുകളിൽ എത്തുന്നില്ല. അല്ലെങ്കിൽ എത്താൻ ഏറെ സമയമെടുക്കുന്നു. ഇന്റർനെറ്റും വിവര സാങ്കേതിക വിദ്യയും ഇത്രയേറെ പുരോഗമിച്ചപ്പോഴും സർക്കാർ ഉത്തരവുകളുടെ കാര്യത്തിൽ ഈ അവ്യക്തത തുടരുകയാണ്. നീർത്തട സംരക്ഷണ നിയമം സംബന്ധിച്ച് കാലാകാലങ്ങളിൽ പുറത്തിറങ്ങിയ സർക്കാർ ഉത്തരവുകളെ കുറിച്ച് കേരളത്തിലെ പഞ്ചായത്തുകളിലോ കൃഷി ഭവനുകളിലോ വില്ലേജ് ഓഫീസുകളിലോ ഉള്ള ഭൂരിഭാഗം ഉദ്യോഗസ്ഥർക്കും വ്യക്തത ഇല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് അപേക്ഷകളുമായി വലയുന്നവരിൽ ഒട്ടേറെ പ്രവാസികളുമുണ്ട്. നിയമങ്ങളിലെ അവ്യക്തത പലപ്പോഴും അപേക്ഷകളിൽ തീർപ്പു കൽപിക്കുന്നതിൽ കാലതാമസം വരുത്തുകയോ അഴിമതിക്ക് വഴിയൊരുക്കുകയോ ചെയ്യുന്നു.

സർക്കാർ ഓഫീസുകളിലെ ചുവപ്പുനാട സംസ്കാരം ഒട്ടേറെ പ്രവാസികളെ നാട്ടിൽ വ്യവസായം തുടങ്ങുന്നതിൽ നിന്ന് പിന്തിരിപ്പിക്കുന്നുണ്ട്. തൊഴിലവസരങ്ങൾ വർധിപ്പിക്കുന്ന വ്യവസായങ്ങളിലേക്ക് പ്രവാസികളുടെ നിക്ഷേപം ആകർഷിക്കാൻ സർക്കാരുകൾക്ക് കഴിയുന്നില്ല. ഒട്ടേറെ ലൈസൻസുകൾ ആവശ്യമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനാണ് വിമുഖത കൂടുതൽ. സർക്കാർ ഉദ്യോഗസ്ഥരുടെ സൗഹാർദ്ദപരമല്ലാത്ത സമീപനമാണ് ഇതിന് കാരണം. പ്രവാസികളുടെ പണം നിഷ്ക്രിയ നിക്ഷേപങ്ങളായി കിടക്കുന്നതും ഇക്കാരണത്താലാണ്.

വ്യാവസായിക മേഖലയിൽ കാതലായ മാറ്റങ്ങൾ വേണമെന്ന ആവശ്യം കേരളത്തിൽ ശക്തമായി ഉയരാൻ തുടങ്ങിയിട്ട് കാലങ്ങളായി. വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ താൽപര്യമുള്ള പ്രവാസികളും അല്ലാത്തവരുമായവർക്ക് വേഗത്തിൽ ലൈസൻസുകൾ ലഭ്യമാക്കുന്നതിനും നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിലവിലുള്ള സമീപനങ്ങളിൽ മാറ്റം വേണം. നിയമങ്ങളുടെയും സംവിധാനങ്ങളുടെയും കുറവല്ല പ്രധാന തടസ്സം. മറിച്ച് ഇവ നടപ്പാക്കുന്ന ഉദ്യോഗസ്ഥരുടെ നിലപാടുകളാണ്.

ചെറുതും വലുതുമായ നിക്ഷേപകരെ ഒരേ കണ്ണിലൂടെ കാണുവാൻ ഉദ്യോഗസ്ഥർക്കും രാഷ്ട്രീയക്കാർക്കും കഴിയണം. നിക്ഷേപങ്ങളിലൂടെ നാട്ടിലുണ്ടാകുന്ന പുരോഗതിയെ കുറിച്ചാകണം അവർ ചിന്തിക്കേണ്ടത്. നാട്ടിൽ ജോലിയില്ലാത്തതുകൊണ്ട് പ്രവാസികളായിത്തീർന്നവരുടെ മക്കൾക്കെങ്കിലും നാട്ടിൽ മാന്യമായ ജോലി ലഭിക്കാൻ സൗകര്യങ്ങളൊരുക്കണം. നിക്ഷേപമിറക്കാൻ ആളുകളുള്ളപ്പോൾ അവരിൽ വിശ്വാസം വളർത്തിയെടുക്കുക മാത്രമാണ് ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ചെയ്യേണ്ടത്.

ആന്തൂർ സംഭവം ഒറ്റപ്പെട്ടതാണെന്ന് രാഷ്ട്രീയ നേതാക്കൾക്ക് വാദിക്കാം. എന്നാൽ ചുവപ്പുനാടയുടെ കെടുതികൾ മൂലം സാമ്പത്തികമായും മാനസികമായും തകർന്ന ഒട്ടേറെ പ്രവാസികൾ ഇവിടെയുണ്ട്. നാട്ടിൽ ഒരു ബിസിനസ് സ്വപ്നം കണ്ട് കാത്തിരിക്കുന്ന ആയിരക്കണക്കിന് പേർ വേറെയുമുണ്ട്. അവർക്ക് മുന്നിൽ സാജൻ പാറയിലിന്റെ മരണം ഉയർത്തുന്നത് ഏറ്റവും മോശമായ സന്ദേശമാണ്.

പ്രവാസികൾക്ക് വേണ്ടി മുതലക്കണ്ണീരൊഴുക്കുന്നവർ

സാജൻ

■ കാരൂർ സോമൻ, ലണ്ടൻ

പട്ടിണിയിൽ നിന്നും പടുത്തുയർത്തിയ പ്രവാസികളുടെ സമ്പത്ത് മാത്രം മതിയോ സർക്കാരിന്? വിദേശ രാജ്യങ്ങളിൽ പലവിധത്തിൽ ദുഃഖമനുഭവിക്കുന്ന ധാരാളം പ്രവാസികളുണ്ട്. അവരുടെ നീറുന്ന വിഷയങ്ങളിലിടപെടാത്ത സർക്കാർ, നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളെ നിർദയം അവഗണിക്കുന്നു. പ്രവാസികളെ വെറും കറവപ്പശുക്കളായി കാണുന്ന ദയനീയാവസ്ഥ. സാജന്റെ ആത്മാഹുതിയിൽ ഉൽക്കണ്ഠാകുലരായ ചില പ്രവാസി സംഘടനകൾ രംഗത്തു വന്നെങ്കിലും ഉപരിവർഗത്തോട് വിധേയത്വമുള്ള പല സംഘടനകളും സാംസ്കാരിക നായകരും മൗനവ്രതത്തിലാണ്. സഹതാപാർഹമാണ് ഈയവസ്ഥ.

ആന്തൂർ നഗരസഭയുമായി ബന്ധപ്പെട്ട സാജൻ എന്ന പ്രവാസി വ്യവസായിയുടെ ആത്മഹത്യ ഒരു ഞെട്ടലോടെയാണ് പ്രവാസികൾ കേട്ടത്. ഇത്ര ദാരുണമായ മരണം പ്രവാസികളുടെ ഹൃദയത്തിനേറ്റ മുറിവും നൊമ്പരവുമാണ്. ഏതാണ്ട് രണ്ടു പതിറ്റാണ്ടോളം നൈജീരിയയിൽ ജീവിതം പടുത്തുയർത്താൻ കഷ്ടപ്പെട്ട സത്യസന്ധനായ ഒരു പാവം പ്രവാസിയുടെ ആത്മഹത്യ ആരുടെ സൃഷ്ടിയാണ്?

നൈജീരിയയിൽ ഇന്ത്യക്കാരുൾപ്പെടെയുള്ള ഓരോ വിദേശിയും ഭയന്ന് തന്നെയാണ് ദിനങ്ങൾ നീക്കുന്നത്. ഭീകരരുടെയും കവർച്ചക്കാരുടെയും വെടിയുണ്ടകൾ ഏത് നിമിഷവും അവിടെയെല്ലാം ചീറിപ്പാഞ്ഞുകൊണ്ടിരിക്കുന്നു. നാട്ടിലെ ശീതീകരിച്ച ആഡംബര മുറികളിലിരിന്ന് ജീവിതം ഉല്ലസിക്കുന്ന മന്ത്രിമാർക്കും നേതാക്കൾക്കും പ്രവാസികളുടെ നൊമ്പരങ്ങൾ അറിയണമെന്നില്ല. നൈജീരിയയിലെ മരണത്തിൽ നിന്ന് രക്ഷപ്പെട്ട് ജന്മനാട്ടിലെത്തി ആർക്കോ വേണ്ടി ജീവൻ ബലികഴിച്ച ഹതഭാഗ്യനാണ് സാജൻ പാറയിൽ.

ഈ വിഷയത്തിൽ ഭരണപക്ഷത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നവരും മുമ്പ് പലവട്ടം പ്രതിക്കൂട്ടിൽ നിന്നവരാണ്. സത്യം പറയുന്നവരെ ഇടത് വലതുപക്ഷ വിരുദ്ധർ എന്ന് വിളിച്ചിട്ട് കാര്യമില്ല.

ഒരു ഭരണകൂടത്തെ ജനങ്ങൾ വിലയിരുത്തുന്നത് സത്യവും നീതിയും മാത്രമല്ല, അവരുടെ നാക്കും വാക്കും നോക്കും ജനങ്ങൾക്ക് പ്രസാദാത്മകമാകണം. ഗുരുദേവൻ പറഞ്ഞ ഒരു വാചകമുണ്ട്. അധർമപക്ഷത്തു നിന്ന് ജയിക്കുന്നതിനേക്കാൾ നല്ലത് ധർമപക്ഷത്തു നിന്ന് തോൽക്കുന്നതാണ്.

ഇത് തിരിച്ചറിയണമെങ്കിൽ അധികാര അഹങ്കാരത്തേക്കാൾ, പൊന്നിനേക്കാൾ, പരിജ്ഞാനം സമ്പാദിക്കാനുള്ള മനസ്സുണ്ടാകണം. അധികാര സമ്പത്തിനേക്കാൾ ജ്ഞാനസമ്പത്തുള്ളവരാകണം. രാഷ്ട്രീയ മേഖലയാകുമ്പോൾ അവർ ത്യാഗസമ്പന്നന്മാരാകണം, മറ്റുള്ളവർക്ക് കെണി വെക്കുന്നവരാകരുത്. ഒരാവശ്യവുമായി ഒരാൾ സർക്കാർ സ്ഥാപനത്തിൽ ചെന്നാൽ അവിടെ നടക്കുന്നത് ഗാന്ധിയൻ സിദ്ധാന്തമാണോ അതോ ജന്മി കുടിയാൻ സിദ്ധാന്തമോ? ഭരണാധികാരികൾ, സർക്കാർ സ്ഥാപനങ്ങൾ, പോലീസ് വകുപ്പുകൾ, കലക്ടർ ഇവരെയൊക്കെ തീറ്റിപ്പോറ്റുന്നത് ജനങ്ങളുടെ നികുതിപ്പണം കൊണ്ടാകുമ്പോൾ അവരുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊടുക്കേണ്ട ബാധ്യതയുണ്ട്. നീതിനിഷേധം നടന്നാൽ ലോകത്തിന്റെ എല്ലാ ഭാഗത്തുനിന്നും ചോദ്യങ്ങളുയരും. ചൂഷകർക്കതിരെ പടപൊരുതേണ്ടവർ അവരുടെ സംരക്ഷകരായി മാറാൻ പാടില്ല.

ഇരുപത് വർഷങ്ങൾക്ക് മുൻപ് രാഷ്ട്രീയ സാംസ്കാരിക രംഗത്തു ഇത്രമാത്രം ജീർണതകൾ മലയാളികൾ കണ്ടുകാണില്ല. രാഷ്ട്രീയ കുത്തക മുതലാളിമാരെയും കണ്ടിട്ടില്ല. ഇന്നു കാണുന്ന പ്രവണതകൾ ജന്മികുടിയാൻ വ്യവസ്ഥിതി വീണ്ടും വരുമോ എന്നതാണ്. ജനങ്ങൾ കുടിയാന്മാരും അധികാരത്തിലുള്ളവർ ജന്മിമാരായും മാറുന്നു. ഒരാൾ രാഷ്ട്രീയ നേതാവായാൽ അയാളുടെ കുടുംബത്തിലുള്ളവരും ബന്ധുക്കളും അവർക്ക് ഓശാന പാടുന്നവരും അധികാരത്തിലെത്തുന്നത് വളരെ വേഗത്തിലാണ്. ഈ സുഖാനുഭവ നിമിഷങ്ങളിൽ നീതി ലഭിക്കാതെ ഒരു കൂട്ടർ മറുഭാഗത്ത് നിൽക്കുന്നത് ഇവർ മറക്കുന്നു. ഒരു കുറ്റത്താലാണ് അവരെ അകറ്റിയത്. പാർട്ടി അനുഭാവിയല്ല. മരണം വരെ അധികാരത്തിൽ കടിച്ചുതൂങ്ങി കിടക്കുക, മക്കൾ രാഷ്ട്രീയം, സങ്കുചിത താൽപര്യങ്ങൾ, അധികാര ധാർഷ്ട്യം, ധൂർത്ത്, അധികാരത്തെ തൻകാര്യത്തിനായി ഉപയോഗിക്കുക, രാഷ്ട്രീയം നോക്കി എഴുത്തുകാരുടെ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, പുരസ്കാരം പദവികൾ നൽകുക, രാഷ്ട്രീയക്കാരല്ലാത്തവരെ പുറംതള്ളുക, സർക്കാർ സ്ഥാപനങ്ങളിലെ വെള്ളാനകളായ സെക്രട്ടറി അടക്കമുള്ളവരുടെ ധിക്കാരം, നീതി നിഷേധങ്ങൾ, കൈക്കൂലി ഇങ്ങനെ എണ്ണിയാൽ തീരാത്ത അധികാര ദുർവിനിയോഗമാണ് കുറെ കാലങ്ങളായി കേരളത്തിൽ നടക്കുന്നത്. ഇതെല്ലാം താഴെക്കിടയിലുള്ളവർ കണ്ടുപഠിക്കുന്നത് മുകളിരിക്കുന്ന ജന്മിമാരിൽ നിന്നാണ്.

ഒരൽപം മനുഷ്യത്വവും വിവേകവും ജനസേവന മനഃസ്ഥിതിയും ഉണ്ടായിരുന്നെങ്കിൽ ഒരു പാവം പ്രവാസി തന്റെ സമ്പാദ്യമെല്ലാം ചെലവാക്കിയിട്ട് അവസാനം ആത്മഹത്യ ചെയ്യില്ലായിരുന്നു. കാപട്യം നിറഞ്ഞ ഈ ജനാധിപത്യത്തിൽ നിന്നും മാനസിക പീഡനം ഏറ്റുവാങ്ങിയതുകൊണ്ടാണ് നിരാശനായി അദ്ദേഹം ഈ ലോകത്തോട് സ്വയം വിട പറഞ്ഞത്. ഇതുപോലെ എത്രയെത്ര നിരപരാധികൾ അധികാരികളിൽ നിന്ന് പീഡനങ്ങൾ അനുഭവിക്കുന്നു. ആത്മാഹുതി ചെയ്യുന്നു, ആത്മാഹുതിയുടെ വക്കിലെത്തുന്നുവെന്ന കാര്യം അധികാരികൾ ഓർക്കുന്നുണ്ടോ?

മലയാളക്കരയെ പട്ടിണിയിൽ നിന്നും പടുത്തുയർത്തിയ പ്രവാസികളെ കാലാകാലങ്ങളായി എങ്ങനെ കാണുന്നു എന്നുള്ളതിന്റെ തെളിവാണ് സാജൻ തന്റെ ഭാര്യയോട് പറഞ്ഞ അവസാന മൊഴികൾ. അതിന്റെ ഓഡിയോ വീഡിയോ ചോദിക്കുമെന്നറിയില്ല. കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ കൈക്കൂലി കൊടുത്തില്ലെങ്കിൽ മനുഷ്യരുടെ മനസ്സിലും ശരീരത്തും റേഡിയേഷൻ കൊടുക്കുന്ന മനുഷ്യ യന്ത്രങ്ങൾ എല്ലായിടവുമുണ്ട്. കൈക്കൂലി കൊടുത്തില്ലെങ്കിൽ യന്ത്രരാജൻ പണിമുടക്കും. കൈക്കൂലി കൊടുത്തിട്ടുള്ളവർക്ക് അറിയാവുന്ന കാര്യമാണത്. മരണപ്പെട്ടു കഴിഞ്ഞാൽ യന്ത്രരാജൻ റീത്തുമായിട്ടെത്തും. ഈ കാര്യത്തിൽ അചഞ്ചലമായ മനോധൈര്യം അവർക്കുണ്ട്. ഇതുപോലെ ആത്മഹത്യ ചെയ്ത പുനലൂർക്കാരൻ സുഗതന്റെ മകനും പരാതികളുണ്ട്. ഇങ്ങനെ എത്രയോ പ്രവാസികൾക്ക് നാട്ടിലെ രാഷ്ട്രീയക്കാർ ശല്യക്കാരായി മാറുന്നു. ഇന്ത്യയിൽ പണിയെടുക്കാതെ ജീവിക്കാനുള്ള ഏക മാർഗം രാഷ്ട്രീയ കൃഷിയാണെന്ന് മനസ്സിലാക്കി അത് കൊണ്ടുനടക്കുന്നവരാണിവർ. കഷ്ടപ്പെട്ടും കടമെടുത്തും പഠിച്ചവർക്ക് ഒരു തൊഴിലും ലഭിക്കാതിരിക്കുമ്പോഴാണ് ഈ മടിയൻമാർ അധികാരികളായി മാറി സമൂഹത്തിന് ഒന്നും ചെയ്യാതെ വെറും ബിംബങ്ങളായി കാലഘടികാരത്തിനുള്ളിൽ സുഖഭോഗികളായി മദിച്ചു ജീവിക്കുന്നത്. ഇവരെ മാലോകരറിയുന്നത് ഏതെങ്കിലും പദവികളിൽ വരുമ്പോഴാണ്. ബാക്കി കാര്യങ്ങൾ മാധ്യമങ്ങൾ ചെയ്തുകൊള്ളും.

സത്യത്തിൽ പ്രവാസികൾക്ക് നമ്മുടെ ഏതെങ്കിലും സർക്കാർ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോ? മോഹനസുന്ദര വാഗ്ദാനങ്ങളല്ലാതെ?

പട്ടിണിയിൽ നിന്നും പടുത്തുയർത്തിയ പ്രവാസികളുടെ സമ്പത്ത് മാത്രം മതിയോ സർക്കാരിന്? വിദേശ രാജ്യങ്ങളിൽ പലവിധത്തിൽ ദുഃഖമനുഭവിക്കുന്ന ധാരാളം പ്രവാസികളുണ്ട്. അവരുടെ നീറുന്ന വിഷയങ്ങളിലിടപെടാത്ത സർക്കാർ, നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളെ നിർദയം അവഗണിക്കുന്നു. പ്രവാസികളെ വെറും കറവപ്പശുക്കളായി കാണുന്ന ദയനീയാവസ്ഥ. സാജന്റെ ആത്മാഹുതിയിൽ ഉൽക്കണ്ഠാകുലരായ ചില പ്രവാസി സംഘടനകൾ രംഗത്തു വന്നെങ്കിലും ഉപരിവർഗത്തോട് വിധേയത്വമുള്ള പല സംഘടനകളും സാംസ്കാരിക നായകരും മൗനവ്രതത്തിലാണ്. സഹതാപാർഹമാണ് ഈയവസ്ഥ.

പാവങ്ങളുടെ ഒപ്പം നിൽക്കേണ്ട ഇടത് പാർട്ടികൾ ഭരിക്കുമ്പോൾ എന്തുകൊണ്ടാണ് കൈക്കൂലിയും സ്വജന പക്ഷപാതവും സങ്കുചിത പ്രവർത്തനങ്ങളും നടക്കുന്നത്? ഇത് ഈ പാർട്ടി മാത്രം ചെയ്യുന്ന കാര്യമല്ല എല്ലാവരും കൈക്കൂലി, അഴിമതിക്ക് ബിരുദമെടുത്ത് പാലം പണിയാനും പൊളിക്കാനും കമ്മീഷൻ വാങ്ങാനും ഉപരിപഠനം നടത്തുന്നവരാണ്.

പ്രവാസി സമൂഹം ആവശ്യപ്പെടുന്നത് ആത്മഹത്യ ചെയ്ത സാജന് നീതി കിട്ടണമെന്നാണ്. കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കണം.

മലയാളം ന്യൂസ്
ടെലിഫോൺ: 012-2836200,
ഫാക്സ്: 012-2836256
ഇ-മെയിൽ: malnewsjed@gmail.com
അൽ മദീന പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനിയിൽ അച്ചടിച്ചത്

ഹെഡ് ക്വാർട്ടേഴ്സ്: ഒംനിയ ബിൽഡിംഗ്, മദീന റോഡ്, പോസ്റ്റ് ബോക്സ്: 13443, ജിദ്ദ 21493. ടെലിഫോൺ: 2836200, ഫാക്സ്: 2836256. ഇ-മെയിൽ malnews@srpc.com.
റിയാദ്: ടെലി: (011)2128000-1310 (5 ലൈനുകൾ), ഫാക്സ്: (011) 4419933 എക്സ്റ്റൻഷൻ 1186, ഇ-മെയിൽ: malriy@srpc.com
ദമാം: ടെലി: (03) 8353838-4120. ഫാക്സ്: (03) 8340489 ഇ-മെയിൽ: dammalnews@srpc.com
തിരുവനന്തപുരം ബ്യൂറോ: മലയാളം ന്യൂസ്, രണ്ടാം നില, സായ് കൃപ ബിൽഡിംഗ്, വഴുതക്കാട്, പിൻ- 695014, ടെലി: 2326575, ഫാക്സ്: 2326764. ഇ-മെയിൽ: malnews@dataone.in

വരിസംഖ്യ: സൗദി അറേബ്യക്ക് പുറത്ത്: അറബ് രാജ്യങ്ങളിൽ ഒരു വർഷത്തേക്ക് പോസ്റ്റൽ ചാർജ് ഉൾപ്പെടെ 507 ഡോളർ; മറ്റ് രാജ്യങ്ങളിൽ പോസ്റ്റൽ ചാർജ് ഉൾപ്പെടെ 604 ഡോളർ.
അംഗീകൃത പരസ്യ ഏജൻസി: അൽ-ഖലീജിയ അഡ്വർടൈസിംഗ് ആൻഡ് പബ്ലിക് റിലേഷൻസ് കമ്പനി ലിമിറ്റഡ് വിലാസം: ജിദ്ദ: പി.ബി. 14699, ജിദ്ദ 21434. ടെലി: 2511333. ഫാക്സ്: 6649740.
റിയാദ്: ടെലി: 011-4411444. ഫാക്സ്: 011-4400996. ദമാം: ടെലി: 03-8333344, ഫാക്സ്: 8335211 യു.എ.ഇ: മീഡിയാ സിറ്റി, പി.ബി. 4740, ദുബായ്. ടെലി: (9714) 3914440 ഫാക്സ്: (9714)
സൗദി അറേബ്യയിലെ വിതരണക്കാർ: സൗദി ഡിസ്ട്രിബ്യൂഷൻ കമ്പനി ഹെഡ് ഓഫീസ്: റിയാദ്, ഹായ് അൽ മുഅ്തമറാത്, മക്കാ ഖുറൈശ് റോഡ്, പി.ഒ. ബോക്സ് 62116, റിയാദ് 11585,
ഫോൺ 011-4419933, ഫാക്സ്: 011-2121774, സെൻട്രൽ റീജിയൺ, ഫോൺ: 011-4779444, വെസ്റ്റേൺ റീജിയൺ, ഫോൺ: 012-6530909, ഈസ്റ്റേൺ റീജിയൺ, ഫോൺ: 03-8473562,
സൗത്ത് റീജിയൺ, ഫോൺ: 07-2218693, നോർത്ത് റീജിയൺ, ഫോൺ: 06-3243070, ടോൾ ഫ്രീ നമ്പർ: 8002440076, വെബ്സൈറ്റ്: www.saudi-distribution.com, E-mail: info@saudi-distribution.com
വരിസംഖ്യക്കും വിൽപനക്കും: E-mail: orders@saudi-distribution.com യു.എ.ഇ.യിലെ വിതരണക്കാർ: എമിറേറ്റ്സ് പ്രിന്റിംഗ്, പബ്ലിഷിംഗ് ആൻഡ് ഡിസ്ട്രിബ്യൂഷൻ കമ്പനി,
ഹെഡ് ഓഫീസ്: ദുബായ്, ഫോൺ: 3916502, ഫാക്സ്: 3918355, അബുദാബി: ഫോൺ: 4456500, ഫാക്സ്: 4456665 കുവൈത്ത്: ദി കുവൈറ്റി ഗ്രൂപ്പ് ഫോർ പബ്ലിഷിംഗ് & ഡിസ്ട്രിബ്യൂഷൻ
കമ്പനി. ഫോൺ: 2417810, ഫാക്സ്: 2417809 ഖത്തർ: ദാർ അൽ -തകാഫാഹ്, ഫോൺ: 622188,621942, ഫാക്സ്: 621800.